## പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.4056 24.06.2019 -ലെ മറുപടിക്ക്**

**<u>പട്ടികജാതി വിഭാഗത്തിന് അനുവദിച്ച ഭവനങ്ങൾ</u>**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.എം. സ്വരാജ്** | | **ശ്രീ. എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നിർമ്മാണം പൂർത്തീകരിക്കാതിരുന്ന പട്ടികജാതി വിഭാഗത്തിന് അനുവദിച്ച ഭവനങ്ങളിൽ എത്ര എണ്ണം പൂർത്തീകരിച്ചു എന്നും ബാക്കി എത്രയെണ്ണമുണ്ടെന്നും അറിയിക്കുമോ; | (എ) | ഈ സർക്കാർ അധികാരമേറ്റ ശേഷം 2007-08 മുതൽ 2015-16 വർഷം വരെ അനുവദിച്ച വീടുകളിൽ സ്പിൽ ഓവറായി അവശേഷിച്ച 16360 വീടുകളിൽ 9269 വീടുകൾ ഈ സർക്കാർ പൂർത്തിയാക്കി. ഈ സർക്കാർ വന്നശേഷം 2016-17 വർഷം അനുവദിച്ച 14906 വീടുകളിൽ 11181 വീടുകളും 2017-18 വർഷം അനുവദിച്ച 8895 വീടുകളിൽ 5664 വീടുകളും 2018-19 വർഷം പ്രളയത്തിൽ തകർന്ന വീടുകൾ പുനർ നിർമ്മിക്കുന്നതിനായി അനുവദിച്ച 245 വീടുകളിൽ 4 എണ്ണവും ചേർത്ത് 26118 വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട്. മുൻസർക്കാരിന്റെ കാലത്ത് സ്പിൽ ഓവറായ പൂർത്തിയാകാത്ത വീടുകളിൽ 7091 വീടുകൾ ബാക്കിയുണ്ട്. ഈ സർക്കാർ അനുവദിച്ച വീടുകളിൽ 6956 വീടുകൾ ഇനിയും പൂർത്തീകരിക്കാൻ അവശേഷിക്കുന്നുണ്ട്. |
| (ബി) | ഇതിലേക്കായി എത്ര തുക ചെലവഴിച്ചു എന്ന് വ്യക്തമാക്കുമോ; | (ബി) | വകുപ്പ് മുഖേന അനുവദിച്ച വീടുകളുടെ പൂർത്തീകരണത്തിനായി 2016-17 വർഷം 8416.84 ലക്ഷം രൂപയും 2017-18 വർഷം 25348.96 ലക്ഷം രൂപയും 2018-19 വർഷം 24928.55 ലക്ഷം രൂപയും ചേർത്ത് 58694.35 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. |
| (സി) | പൂർത്തീകരിക്കാത്തവ നിലവിലുണ്ടെങ്കിൽ അവ എന്നത്തേക്ക് പൂർത്തീകരിക്കും എന്ന് അറിയിക്കുമോ? | (സി) | പൂർത്തീകരിക്കുവാൻ ബാക്കിയുള്ള വീടുകൾ നടപ്പ് സാമ്പത്തിക വർഷം തന്നെ പൂർത്തിയാക്കുവാൻ നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ